## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 857** **29.09.2016 ൽ മറുപടിയ്ക്ക്**

### സാക്ഷരതാ മിഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. പി. ഉണ്ണി** | | **പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) 1/7/2011 മുതൽ 31/3/2016 വരെ കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾക്കായി എത്ര തുക അനുവദിച്ചു എന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ; <br><br> (ബി) പ്രസ്തുത തുക വിനിയോഗിച്ച് സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും | **2011-12 - 8 കോടി രൂപ** <br> നാല്, ഏഴ് തുല്യതാകോഴ്സിന്റെ നടത്തിപ്പ്, അതുല്യം രണ്ടാംഘട്ടം, അക്ഷരപൂർണിമ തുടങ്ങിയ പരിപാടികൾക്കായി വിനിയോഗിച്ചു. <br><br> **2012-13 - 12 കോടി രൂപ** <br> സാക്ഷരതാപ്രവർത്തനങ്ങൾ, നാല്, ഏഴ് തുല്യത, വിഷൻ & മിഷൻ ശില്പശാല, പ്രേരക് ട്രെയിനിംഗ് തുടങ്ങിയ പരിപാടികൾക്കും ഓഫീസിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിനിയോഗിച്ചു. <br><br> **2013-14 - 16 കോടി രൂപ** <br> അക്ഷരലക്ഷം, നാല്, ഏഴ് തുല്യതാ കോഴ്സ് നടത്തിപ്പുകൾക്കായി വിനിയോഗിച്ചു. <br><br> **2014-15 - 8 കോടി രൂപ** <br> അക്ഷരലക്ഷം പദ്ധതി, അതുല്യം പദ്ധതി, നാല്, ഏഴ് തുല്യതാപരിപാടികളുടെ നടത്തിപ്പുകൾക്കുമായി വിനിയോഗിച്ചു <br><br> **2015-16 - 10.5 കോടി രൂപ** <br> നാല്, ഏഴ് തുല്യതാപരിപാടികൾ, തൊഴിൽനൈപുണി വികസനപദ്ധതികളുടെ നടത്തിപ്പ്, അട്ടപ്പാടി സാക്ഷരതാപദ്ധതികൾ എന്നിവയ്ക്കുമായാണ് വിനിയോഗിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന സാക്ഷരതാ കോർഡിനേറ്റർമാരുടെ പ്രവർത്തനങ്ങൾ സംസ്ഥാന സാക്ഷരതാ മിഷൻ എങ്ങിനെയാണ് നിയന്ത്രിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നതെന്ന് വിശദമാക്കാമോ; | (സി) | ജില്ലാ സാക്ഷരതാമിഷനുകളിലെ ജില്ലാ കോ-ഓർഡിനേറ്റർമാർ സംസ്ഥാന ഓഫീസിൽനിന്നുള്ള മാർഗ്ഗനിർദ്ദേശമനുസരിച്ചാണ് പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവരുന്നത്. ഇവർ ജില്ലകളിൽ നടത്തിയ തുടർ സാക്ഷരതാപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി രണ്ട് മാസത്തിലൊരിക്കൽ ഡയറക്ടറുടെ സാന്നിധ്യത്തിൽ അവലോകനയോഗങ്ങൾ ചേരുകയും ജില്ലാതല പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തുവരുന്നുണ്ട്. ജില്ലാ കോ-ഓർഡിനേറ്റർമാരാണ് ജില്ലകളിൽ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതും നടപ്പിലാക്കുന്നതും. ഗ്രാമ/ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ തലങ്ങളിൽ പ്രവർത്തിച്ചുവരുന്ന വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്മാരുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടവും ജില്ലാതലത്തിലെ മോണിറ്ററിംഗും ജില്ലാ കോ-ഓർഡിനേറ്റർമാർ വഴിയാണ് നിർവ്വഹിച്ചുവരുന്നത്. |
| (ഡി) | 1/7/2016 മുതൽ 31/8/2016 വരെ സംസ്ഥാന സാക്ഷരതാ മിഷൻ എന്തെല്ലാം തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ? | (ഡി) | വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 2016 ജൂലൈ 20ന് ജില്ലകളിലെ പ്രവർത്തനങ്ങൾ അവലോകനം നടത്തുന്നതിനായി ജില്ലാ കോ-ഓർഡിനേറ്റർമാരുടെ യോഗം വിളിച്ചുചേർത്തിരുന്നു.<br>2. സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിവരുന്ന പത്താംതരം തുല്യതാ കോഴ്സിലെ 11-ാം ബാച്ചിലേക്കുള്ള രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു<br>3. ഹയർസെക്കറി തുല്യതാ കോഴ്സിലെ (ഒന്നാം ബാച്ച്) ഹ്യുമാനിറ്റിസ്, കൊമേഴ്സ് ഗ്രൂപ്പുകളിലെ പൊതുപരീക്ഷ നടത്തി.<br>4. രണ്ടാം വർഷ ഹയർസെക്കണ്ടറി തുല്യതാകോഴ്സിലേയ്ക്കുള്ള ഹ്യുമാനിറ്റിസ്, കൊമേഴ്സ് ഗ്രൂപ്പുകളിലെ |

സ്വയംപഠനസാമഗ്രികൾ എസ്.സി.ഇ. ആർ.ടി.യുടെ സഹകരണത്തോടെ 2016 ജൂലൈ മാസത്തിൽ തയ്യാറാക്കുകയുണ്ടായി.

5. 2016 ആഗസ്റ്റ് 31ന് ജില്ലകളിലെ പ്രവർത്തനങ്ങൾ അവലോകനം നടത്തുന്നതിനായി ജില്ലാ കോ-ഓർഡിനേറ്റർമാരുടെ യോഗം വിളിച്ചുചേർത്തു

6. നാലാംതരം തുല്യത യുടെ രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു.

7. അട്ടപ്പാടി മേഖലയിൽ 83 ഇൻസ്ട്രക്ടർമാരുടെ നേതൃത്വത്തിൽ ഊരുകളിൽ നിന്നും 1232 നിരക്ഷരർ പഠിതാക്കളായ പദ്ധതി തുടർന്നു വരുന്നു

8. അക്ഷരലക്ഷം രണ്ടാംഘട്ട പദ്ധതിയിലൂടെ പാലക്കാട്, കൊല്ലം ജില്ലകളിലെ വിജയിച്ച പഠിതാക്കളുടെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

9. കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഗുണഭോക്താക്കളായ നവസാക്ഷരരർക്കും തുല്യതാപഠിതാക്കൾക്കും സ്ഥിരവരുമാനം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന തൊഴിൽനൈപുണിവികസനപദ്ധതി തുടരുന്നു.

10. സാക്ഷരതാ മിഷൻ സംസ്ഥാന-ജില്ലാ ഓഫീസുകളിലെ ജീവനക്കാർക്ക് ഓഫീസ് നടപടിക്രമങ്ങളെക്കുറിച്ചും സാക്ഷരതാമിഷൻ ഉപയോഗിച്ചുവരുന്ന സോഫ്റ്റ്‌വെയറിനെ സംബന്ധിച്ചുമുള്ള പരിശീലനങ്ങൾ നല്കി.

11. പ്രസിദ്ധീകരണമായ അക്ഷരകൈരളിയുടെ ജൂലായ്, ആഗസ്റ്റ് ലക്കങ്ങൾ പ്രസിദ്ധീകരിച്ചു.

സെക്ഷൻ ഓഫീസർ